[Sri T. K. Narayana Pillai]

ഉണ്ട്. രണ്ടാമതു്, തെരഞ്ഞെടുപ്പിൽ ഭാഗഭാക്കാകണമെന്ന ആഗ്രഹമുള്ള എല്ലാ ഹിന്ദു മെമ്പറന്മാരും സത്യപ്രതിജ്ഞ ചെയ്കയും റജിസ്റ്റരിൽ പേരു ചേർത്തു കഴിക്കയും ചെയ്യണം. ഭാഷയെസംബന്ധിച്ചു രണ്ടു തരത്തിലുള്ള വ്യാഖ്യാനങ്ങളും വരുമെന്നു ഗവൺമെണ്ടിനു സംശയമുണ്ടായിരുന്നാൽ ആ സംശയത്തെ നിവാരണം ചെയ്യുവാനുള്ള വ്യത്യാസം ഈ ബില്ലിൽ വരുത്തിയിട്ടുണ്ടു്. ഇത്രമാത്രമാണു് ഈ ബില്ലിൽ കൂടുതലായിട്ടു് ചേർത്തിട്ടുള്ളതു്.

The Bill was taken up for consideration clause by clause.

Clause 2

The question that clause 2 stands part of the Bill was put and carried.
Clause 2 was added to the Bill.

Clause 3

The question that clause 3 stands part of the Bill was put and carried.
Clause 3 was added to the Bill.

Title

The question that the Title stands part of the Bill was put and carried.
The title was added to the Bill.

Preamble

The question that the Preamble stands part of the Bill was put and carried.
The Preamble was added to the Bill.

Sri. T. K. Narayana Pillai : Sir. I move that the Bill be passed.

Sri. A. J. John : I second it.

The motion was put and carried.
The Bill was passed.

The Travancore-Cochin Temple Entry (Removal of Disabilities) Bill.

Chief Minister **(Sri. T. K. Narayana Pillai):** Sir, I move that the Travancore-Cochin Temple Entry (Removal of Disabilities) Bill be taken up for consideration.

ഈ ബില്ലിലെ ചില പ്രധാന വ്യവസ്ഥകളെപ്പറ്റി ഒന്നുരണ്ടു സംഗതികൾ ഇവിടെ പറയുവാനുണ്ടു്. സ്വകായ്ക്ഷേത്രങ്ങളായ പല ക്ഷേത്രങ്ങളിലും അവർണ്ണർ എന്നു അറിയപ്പെടുന്നവർക്കു് പ്രവേശനം നിഷേധിക്കുകയും തുറന്നു കൊടുക്കുന്നതിനു് ചില വിഷമതകൾ ഉണ്ടായിരിക്കുകയും ചെയ്ത സമയത്താണു് തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പു് കരു ഓർഡിനൻസു് പുറപ്പെടുവിക്കുവാനിടയായിട്ടുള്ളതു്. അവർണ്ണർക്കു് പ്രവേശനം നിഷേധിക്കുകയും സവർണ്ണരിൽതന്നെ ചില പ്രത്യേക വർഗ്ഗക്കാർക്കുമാത്രം പ്രവേശനം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം നിലവിൽ ഇരുന്നിരുന്നു. അങ്ങനെയുള്ള പരിതഃസ്ഥിതികളിൽ ക്ഷേത്രപ്രവേശനം കിട്ടുന്നതിനുവേണ്ടി സത്യാഗ്രഹം ആരംഭിക്കുകയെന്നുള്ളതു് എല്ലാവിധത്തിലും ദോഷകരമായിരിക്കുമെന്നുള്ളതു് ഗവൺമെണ്ടിനു് ബോദ്ധ്യമായതുകൊണ്ടാണു് ടെംപിൾ എൻട്രി പ്രൊക്ലമേഷൻ ഇവിടെ നടപ്പിൽ വരുത്തിയതു്. ആ പ്രൊക്ലമേഷന്റെ ഉദ്ദേശം, സ്വകായ്ക്ഷേത്ര ഉടമസ്ഥന്മാർ ഏതാനും വിഭാഗക്കാർക്കുമാത്രം പ്രവേശനം അനുവദിച്ചിട്ടുള്ളതുകൊണ്ടു് ഹിന്ദുസമുദായത്തിലെ എല്ലാ വിഭാഗക്കാർക്കും

LIBRARY ARCHIVES Kerala Legislative Assembly

നിരുപാധികമായി അവരുടെ ക്ഷേത്രങ്ങൾകൂടി തുറന്നുകൊടുക്കണമെന്നുള്ള താണ്. അതിനാണ് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിനുവേണ്ടിയാണ് ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നത്. കൊച്ചിയിലും ഇതിലേക്ക് ഒരു പ്രൊക്ലമേഷൻ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ നിയമസഭയേയോഗത്തിൽ ഇതിനു് ഒരു അമെൻറുമെൻറ് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. മദ്രാസിലെ ഹിന്ദുവു-ലെ ക്ഷേത്രപ്രവേശനനിയമത്തിലുള്ള വകുപ്പുകളാണ് ഈ നിയമത്തിലും ഉള്ളത്. ഇതിൽ ഒന്നുരണ്ടു സംഗതികൾ ശരിയാണെന്നു തെളിയിച്ചിട്ടും ഉണ്ട്. മദ്രാസ്സിൽ ക്ഷേത്രങ്ങളെ സംബന്ധിച്ചു കാര്യങ്ങളിൽ ചില അധികാരങ്ങൾ സവർണ്ണന്മാർക്കുണ്ടു്. എന്നാൽ ഇവിടെ ക്ഷേത്രകാര്യങ്ങൾ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും ഉള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു് ദേവസ്വം ബോർഡുകൾക്കാണ് അധികാരം കൊടുത്തിരിക്കുന്നത്. ദേവസ്വംബോർഡുകൾക്കു വിപുലമായ അധികാരങ്ങൾ കൊടുത്തുകൊണ്ടും എല്ലാ സ്വകാര്യക്ഷേത്രങ്ങളിലും കളങ്ങളിലും ഹിന്ദുസമുദായത്തിൽപ്പെട്ട എല്ലാ വിഭാഗക്കാർക്കും പ്രവേശനം അനുവദിച്ചുകൊണ്ടും ആണ് ഈ നിയമം രൂപീകരിച്ചിട്ടുള്ളത്. മദ്രാസിലേയും ഇവിടത്തേയും നിയമങ്ങളെ സംബന്ധിച്ചു് വേറെ ഒരു വ്യത്യാസവും ഇതിൽ വരുത്തിയിട്ടുണ്ട്. മദ്രാസിൽ ഇതിനുമുമ്പു് ക്ഷേത്രകാര്യങ്ങളെ സംബന്ധിച്ചോ ക്ഷേത്രപ്രവേശനവാദങ്ങളെ സംബന്ധിച്ചോ എന്തെങ്കിലും വ്യവഹാരങ്ങൾ നടന്നിരുന്നാൽ ആ വ്യവഹാരങ്ങൾ തുടർന്നു നടത്തുന്നതിനു് അവകാശം കൊടുത്തിട്ടുണ്ട്. ഈ ബില്ലിൽ ആ മാതിരിയുള്ള വ്യവഹാരങ്ങൾ തുടർന്നു നടത്തുന്നതിനു കക്ഷികൾക്ക് അവകാശം ഉണ്ടായിരിക്കുന്ന വ്യവസ്ഥയില്ല. കൊച്ചിവിഭാഗത്തിലുള്ള ചില സ്വകാര്യക്ഷേത്രങ്ങളിൽ അവർണ്ണർ പ്രവേശിക്കുന്നതിനെ തടയുവാനായി ഒരു നിരോധന ഉത്തരവു് ആവശ്യപ്പെട്ടുകൊണ്ടു് കോടതിയിൽ വ്യവഹാരപ്പെടുകയും തല്ക്കാലം അങ്ങനെ ഒരു നിരോധനാജ്ഞ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ആ മാതിരി ഉള്ള വ്യവഹാരങ്ങൾ തുടർന്നുപോകരുതെന്നുള്ള നിർബന്ധംകൊണ്ടാണ് ഇങ്ങനെയുള്ള ഒരു വ്യവസ്ഥകൂടി ഇതിൽ ചേർക്കുവാനിടയായിട്ടുള്ളത്. ചില ക്ഷേത്രങ്ങളുടെ കാര്യത്തിൽ മുമ്പു് ഇതിനെ സംബന്ധിച്ചു വളരെ വമ്പിച്ച തോതിലുള്ള പ്രക്ഷോഭണങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള പ്രക്ഷോഭണങ്ങൾ മേലിൽ ഉണ്ടാകാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ നിയമം ഇതേ രൂപത്തിൽ രൂപീകരിക്കുവാൻ ഇടയായിട്ടുള്ളത്. ഇതു് ഒരു സെലക്ട്കമ്മിറ്റിക്കയക്കുന്നതായാൽ നടപ്പിൽ വരുത്തുന്നതിനു കാലതാമസം വരുന്നതാണ്. ഇപ്പോൾതന്നെ പല വ്യവഹാരങ്ങളും നിലവിലുണ്ട്. എറണാകുളം കോടതിയിലും ഇതിനെ സംബന്ധിച്ചു് ഒന്നുരണ്ടു വ്യവഹാരങ്ങൾ ഉണ്ട്. ഇനിയും ചില വ്യവഹാരങ്ങൾ കൊടുക്കുന്നതിനു് ആലോചന നടക്കുന്നുമുണ്ട്. അതുകൊണ്ടു് വലിയ കാലതാമസം കൂടാതെ ഇതു നിയമം ആക്കേണ്ടതു് എല്ലാപേരുടേയും ആത്മാഭിമാനത്തെ സംരക്ഷിക്കുന്നതിനും പവരാവകാശത്തെ പരിപാലിക്കുന്നതിനും ആവശ്യമാണെന്നു ഗവൺമെണ്ടിനു ബോദ്ധ്യമായതുകൊണ്ടാണ് ഉടൻതന്നെ ഇതു നിയമമാക്കണമെന്നു് ഞാൻ പറയുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. സന്ദർഭാനുസരണമാണ് ഇങ്ങനെ ഒരു ബിൽ ഇവിടെ അവതരിപ്പിക്കുവാൻ ഇടയായതെന്നു കാണുന്നതിൽ എനിക്കു പ്രത്യേകം സന്തോഷമുണ്ട്. കഴിയുന്നതും വേഗം ഈ ബിൽ പാസാക്കി എടുക്കേണ്ടതു സകല ഹൈന്ദവരുടേയും ആത്മാഭിമാനത്തെ സംരക്ഷിക്കുന്നതിനു് ആവശ്യമാണ്. തിരുവിതാംകൂറിൻറേയും, കൊച്ചിയുടേയും, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൻറേയും പേരിൽ ഉണ്ടായിട്ടുള്ള ക്ഷേത്രപ്രവേശനവിളംബരങ്ങളും ഓർഡിനൻസുകളുമെ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. T. Kesavan Sastri]

ല്ലാം ഹിന്ദുസമുദായത്തിന്റെ ക്ഷേമത്തെ നിലനിറുത്തുവാൻ തക്കവണ്ണം പഴയ ഭരണാധികാരികളും ഇന്നത്തെ മന്ത്രിസഭയും വേണ്ടപോലെ പ്രവർത്തനം നടത്തിയിട്ടുണ്ടെന്നുള്ള സംഗതിയിൽ ഈ സംസ്ഥാനവാസികൾ മാത്രമല്ല, ഇതരരാജ്യവാസികളും പോലും സന്തോഷിക്കുന്നുണ്ട്. മഹാരാജാക്കന്മാരുടെ പരമാധികാരത്തിൻകീഴിലുള്ള ക്ഷേത്രങ്ങളും ക്ഷേത്രാചാരങ്ങളും എല്ലാം ഇന്ന് ജനായത്തസിദ്ധാന്തത്തിനു അധീനമായിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ക്ഷേത്രത്തേയും ക്ഷേത്രാരാധനാസമ്പ്രദായങ്ങളേയുംപറ്റി സൂക്ഷ്മമായി ചിന്തിക്കുന്നതായാൽ ഈ ബില്ലിലെ നിർദ്ദേശങ്ങളും ഇതിലെ കായ്കാരണസംഹിതകളും അനുഭയാജ്യമാണെന്നു കാണാവുന്നതാണ്. സൂക്ഷ്മബുദ്ധ്യാ പരിശോധിക്കുകയാണെങ്കിൽ ഗവണ്മെണ്ടു ക്ഷേത്രങ്ങളുടേയും അതിലെ ആരാധനാസമ്പ്രദായങ്ങളുടേയും പ്രൈവറ്റു ക്ഷേത്രങ്ങളുടേയും അവയിലെ ആരാധനാസമ്പ്രദായങ്ങളുടേയും രീതി ഏകീകരിക്കുവാൻ ഈ ബില്ല് ഉപയോഗപ്പെടുമെന്നു കാണാവുന്നതാണ്. പ്രൈവറ്റ് ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഹൈന്ദവജനതയുടെ താല്പര്യങ്ങളെ പ്രത്യേകം പരിഗണിക്കുന്നതായാൽ ക്ഷേത്രപ്രവേശനത്തിലും ആരാധനാസ്വാതന്ത്ര്യത്തിലും ഹൈന്ദവജനതയ്ക്ക് പലപല വൈഷമ്യങ്ങളും ഉണ്ടെന്നുള്ളതു് മറച്ചുവയ്ക്കാൻ പാടില്ലാത്ത ഒരു പരമാർത്ഥം മാത്രമാണ്. ഈ ബില്ലിൽ ക്ഷേത്രപ്രവേശനസ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം ഹൈന്ദവജനതയ്ക്ക് ആത്മാർത്ഥമായ നിലയിൽ ഏകോപിച്ചുപോകുവാനുള്ള ഒരു പ്രത്യേകസന്ദർഭവുംകൂടി കൊടുക്കുന്നുണ്ട്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബിൽ പരിശോധിക്കുന്നതായാൽ ഗവണ്മെണ്ടിന്റേയും ദേവസ്വംബോർഡിന്റേയും അധീനതയിൽ ഇരിക്കുന്ന ക്ഷേത്രങ്ങളും ക്ഷേത്രാരാധനാസംമ്പ്രദായങ്ങളും മാത്രമാണ് ഉൾപ്പെടുന്നതെന്നു കാണാം. നേരെമറിച്ചു പ്രൈവറ്റു ക്ഷേത്രങ്ങളേയും അതിലെ ആരാധനാസമ്പ്രദായകാര്യങ്ങളേയും മറ്റു ഭരണപരിപാടികളേയും പറ്റി പരിശോധിക്കുന്നതായാൽ വളരെവളരെ പ്രതിബന്ധങ്ങളും വളരെവളരെ അനാചാരപരിപാടികളും ഇന്നു നിലവിലുണ്ടെന്നു കാണാവുന്നതാണ്.

പ്രൈവറ്റു ക്ഷേത്രങ്ങളിൽ അവർണ്ണർ പ്രവേശിച്ചാൽ ദേവചൈതന്യംതന്നെ നഷ്ടപ്പെട്ടുപോകുമെന്നു വിശ്വസിക്കുന്ന ഹൈന്ദവന്മാർ ഇന്നും ഈ സംസ്ഥാനത്തു് ഉണ്ടെന്നു മിസ്റ്റർ ആസ്റ്റിൻ സംഘടിപ്പിക്കപ്പെട്ടതും ശ്രീമാൻ വി. എസ്സ് സുബ്രഹ്മണ്യയ്യർ പ്രസിദ്ധങ്ങളായിരുന്നതുമായ ക്ഷേത്രപ്രവേശനാന്വേഷണക്കമ്മിറ്റിറിയിലെ ഒരു അംഗമായിരുന്ന എനിക്കു നിശ്ചയമായും പറയാൻ കഴിയും. ആ കമ്മിറ്റിറിയുടെ മുമ്പാകെ അപ്രകാരം മൊഴി രേഖപ്പെടുത്തിയിട്ടുള്ളതു് ആവക റിക്കാർഡുകൾ ഒന്നു പുനഃപരിശോധനചെയ്താൽ കാണാവുന്നതാണ്. നേരെമറിച്ചു സന്ദർഭം അനുസരിച്ചു് ഈ നിയമം ഇവിടെ അവതരിപ്പിച്ച ഇന്നത്തെ മന്ത്രിസഭയെ മുക്തകണ്ഠം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. എല്ലാവരും അവരവരുടെ നിയോജകമണ്ഡലങ്ങളിലെ കായ്കങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതിനു ഉപയോഗിച്ച സന്ദർഭങ്ങളെ അനുസരിച്ചു പറയുന്നതായാൽ എന്റെ നിയോജകമണ്ഡലത്തിലെ പ്രൈവറ്റു ക്ഷേത്രങ്ങളുടെ കായ്കങ്ങൾ മഹാഭയനീയമാണെന്നതന്നെ പറയേണ്ടിയിരിക്കുന്നു. ഇന്ന് ആചാരാനുഷ്ഠാനരീതികളിലുംമറ്റും വളരെവളരെ ബുദ്ധിമുട്ടുകളും പ്രതിബന്ധങ്ങളുമുണ്ട്. മനുഷ്യനെ തൂക്കുന്ന ആചാരനടപടി അനുവദിക്കപ്പെട്ടിരിക്കുന്നു. അതായതു വളരെ നീളമുള്ള ഒരു കമ്പിൽ മറ്റൊരു കമ്പു വെച്ചുകെട്ടി അതിന്റെ അഗ്രത്തു് ഒരു ചുണ്ട കെട്ടി അതിൽ ആളിനെ തൂക്കി കറക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംപ്രദായം ഇന്നത്തെ നിലയിൽ ആചാരാനുയോജ്യം ആണെന്നുള്ള സംഗതി അങ്ങയേയും ഈ നിയമസഭയിലുള്ള ബഹുമാനപ്പെട്ട അംഗങ്ങളേയും അറിയിക്കുന്നതിനു് ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഈ കായ്ങ്ങളെപ്പറ്റിയെല്ലാം പരിചിന്തിക്കുമ്പോൾ ക്ഷേത്രപ്രവേശനകായ്ങ്ങളിലും ആചാരകായ്ങ്ങളിലും ഗവണ്മെണ്ടു മുൻനിന്നു പ്രവർത്തിക്കേണ്ടതാണെന്നു കാണാം. അതിനെല്ലാം ഈ ബിൽ നിശ്ചയമായും കായ്മായി സഹായിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇന്നു ജനായത്തസിദ്ധാന്തത്തിന്റേയും ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റേയും പേരിൽ ഹൈന്ദവർ ഏകീകൃതരാകുന്നതുപോലെ ഇതര മതസ്ഥരും ഇതര ആളുകളുമായി ഏകീകൃതമനസ്കരായി നാം എല്ലാവരും ആനന്ദസന്തുഷ്ടരായിത്തീരാൻ നോക്കേണ്ടതാണു്. എന്നാൽ ഹൈന്ദവരുടെ ഇടയിൽ ഇന്നും ഒരു ഹിന്ദുവിനു മറ്റൊരു ഹിന്ദുവിന്റെ സംഗതികൾ വിപരീതമായി നിലനിൽക്കുന്നു എന്നുള്ളതു് പറയാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഈ അടുത്ത കാലത്തു് ഇവിടത്തെ ഹിന്ദുസമുദായത്തേയും സംസ്കാരത്തേയും ഛോദ്യംചെയ്യുന്ന ഒരു കായ്ം നെടുമങ്ങാട്ടു നടന്നു. അതായതു് ഒരു ഹരിജനഹിന്ദുവിനെ മറ്റൊരു ഹിന്ദു അതിദയനീയമാംവണ്ണം മർദ്ദിച്ചു. ആ വിവരം മന്ത്രിസഭയ്ക്കും ഗവണ്മെണ്ടിനും ഹിന്ദുമണ്ഡലങ്ങൾക്കും അറിവുകൊടുത്തിട്ടു് എന്തായി എന്നു ഞാൻ ചോദിക്കുന്നു. ഇതാണോ ഡമോക്രസി? What is democracy എന്നു ഇംഗ്ലീഷിൽത്തന്നെ ഞാൻ ചോദിക്കുന്നു. ഇതെല്ലാം പറയുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ലെന്നു ഏതയവേദനയോടുകൂടി ഈ സഭയിലെ അംഗങ്ങളേയും ഇൻഡ്യാഗവണ്മെണ്ടിനേയും അറിയിക്കാൻ ഈ സമിതിയെത്തന്നെ ഉപയോഗിക്കുന്നതു് ഏറ്റവും പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. സ്ഥിതി സമത്വത്തിന്റെ പേരിൽ മനുഷ്യർ ഭിന്നിക്കുന്നു. ഇതു് ആശാസ്യമാണോ എന്നു ചിന്തിക്കേണ്ടതു് ഈ സമയത്താണു്. സർ, ഇന്നു നാം ഏറ്റവും സുന്ദരമായ ഒരു കാലയളവിലാണു് നിൽക്കുന്നതു്. ആദർശത്തിലും മനുഷ്യത്വത്തിലും പരിഷ്കൃതമായ ഭരണസമ്പ്രദായത്തിലും മുമ്പിൽനിൽക്കുന്ന തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ ഹൈന്ദവരായാലും ക്രിസ്ത്യാനികളായാലും മഹമ്മദീയരായാലും മേലാൽ മനസ്സോടു മനസ്സുചേർന്നു രാജ്യരക്ഷയെ ലാക്കാക്കി പ്രവർത്തിക്കണമെന്നു പറയുന്നതിനു് യാതൊരു മടിയും ഞാൻ കാണിക്കുന്നില്ല. ഈ നിയമം കഴിയുന്നതുംവേഗം പാസാക്കി എടുക്കുമെന്നു ബിൽ അവതരിപ്പിക്കപ്പെട്ട പ്രധാനമന്ത്രി പ്രസ്താവിക്കുകയുണ്ടായി. എന്റെ വിനീതമായ അഭിപ്രായം ഈ ബിൽ സെലക്ടുകമ്മിറ്റിക്കു അയച്ചു വേണ്ട ഭേദഗതികളും വരുത്തി പെട്ടെന്നുതന്നെ പാസാക്കി എടുക്കണമെന്നുള്ളതാണു്. ഈ ബില്ലിൽ തുക്കുന്ന സമ്പ്രദായം നിറുത്തുന്നതിനുള്ള വ്യവസ്ഥ ഇല്ല. അതുപോലെതന്നെ ദൈവങ്ങളെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി കോഴികളേയും മറ്റും വെട്ടുന്നതു് നിറുത്തുന്നതിനുള്ള വ്യവസ്ഥയും ഇല്ല. അവയെല്ലാം വരുത്തി മനുഷ്യർക്കു മാതൃകാപരമായ രീതിയിൽ ഈ ബിൽ നിശ്ചയമായും പാസാക്കി എടുത്തു് ഇന്നത്തെ മന്ത്രിസഭയ്ക്കു് ആത്മാഭിമാനവും സംതൃപ്തിയും കൈവരുത്താൻ കഴിയും. ഇങ്ങനെ മനുഷ്യത്വത്തേയും മനുഷ്യാചാരത്തേയും നിലനിറുത്തിക്കൊണ്ടുപോകാൻ പര്യാപ്തമായ ഈ ബിൽ കഴിയുന്നത്രവേഗം പാസാക്കി ഇവിടത്തെ ഹൈന്ദവരേയും രാജ്യത്തേയും രക്ഷിക്കുന്നതു് നന്നായിരിക്കുമെന്നാണു് എനിക്കു പറയാനുള്ളതു്. അതിലേയ്ക്കു് ഈ സഭയുടെ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ ഉപസംഹരിക്കുന്നു.

Sri. A. Thanu Pillai: I move that the Bill be referred to a Select Committee.

LIBRARY ARCHIVES Kerala Legislative Assembly

Sri. T. K. Narayana Pillai: I do not agree to that for the reasons I have already stated.

Sri. A. Thanu Pillai: I move as an amendment that the Bill be referred to a Select Committee. I accept the principles underlying the Bill. Of course, the Temple Entry Proclamation was promulgated.....

ശ്രീ. മന്നത്തു് പത്മനാഭപിള്ള: മലയാളത്തിൽ സംസാരിച്ചാൽ കൊള്ളാം.

ശ്രീ. എ. താണുപിള്ള: ക്ഷേത്രപ്രവേശനവിളംബരം ഉണ്ടായി. ആ കാലത്തു് പ്രൈവറ്റ ദേവാലയങ്ങളെ ഈ വിളംബരത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഗവൺമെണ്ടിന്റെ ഭരണത്തിലും ഉടമസ്ഥതയിലും ഇരുന്ന ദേവസ്വങ്ങളെ മാത്രമേ അതിൽ ഉൾപ്പെടുത്തിയിരുന്നുള്ളു. എന്നാൽ ഇപ്പോൾ ഒരു ൧൫ വർഷത്തോളം ആയിരിക്കുന്നു. നാട്ടിൽ വളരെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടു്. പൊതുവേ ഹിന്ദുക്കളുടെ മുഴുവനോ ഒരു വിഭാഗത്തിനോ പൊതുഉപയോഗത്തിനായി വച്ചിട്ടുള്ള എല്ലാഹിന്ദുക്ഷേത്രങ്ങളിലും എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം കൊടുക്കുക എന്നുള്ളതാണു് ഈ ബില്ലിലെ തത്വം. ഇതു് ഇന്നു കൊച്ചിയിൽ നടപ്പുണ്ടു്. ഇവിടെ ഇപ്പോൾ ഒരു മാർ സിനൻസുപ്രകാരം കുറച്ചുകാലമായി ഈ നിയമം നടപ്പിൽ വന്നിട്ടുണ്ടു്. എന്നാൽ സ്ഥിരമായി സർവ്വവ്യാപകമായ രീതിയിൽ ഇങ്ങനെ ഒരു നിയമം ഉണ്ടാകേണ്ടതു് ആവശ്യമാണെന്നുള്ളതിൽ സംശയമില്ല. അതിനു് ഈ നാട്ടിൽ യാതൊരു എതിർപ്പും ഉണ്ടാകുകയില്ലെന്നാണു് എന്റെ പരിപൂർണ്ണമായ വിശ്വാസം. അതുകൊണ്ടു് ഈ ബില്ലിലെ തത്വത്തോടു യോജിക്കാത്തവരായി ഈ സഭയിൽ ആരുംതന്നെ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഇതു് ഒരു സെലക്ടു് കമ്മിറ്റിക്കു് അയക്കണമെന്നു ഞാൻ പറയുന്നതിനു ചില കാരണങ്ങൾ ഉണ്ടു്. ഇതിലെ ആറാം വകുപ്പിൻപ്രകാരം ഒരു ക്ഷേത്രം ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണോ അല്ലയോ എന്നുള്ള കാര്യം തീരുമാനിക്കുന്നതിനുള്ള അധികാരം ഗവൺമെണ്ടിനു വച്ചിരിക്കുന്നു. അതു ശരിയല്ലെന്നാണു് എന്റെ അഭിപ്രായം. അതിനുള്ള വ്യവസ്ഥ ഈ നിയമത്തിൽതന്നെ വരുത്തണം. അതുകൊണ്ടു ഗവൺമെണ്ടിന്റെ തീരുമാനത്തിനു് ഈ കാര്യം വിടുന്നതു ശരിയല്ല. അല്ലാത്തപക്ഷം കോടതിക്കു് അതിനുള്ള അധികാരം കൊടുക്കണം. ഇതിൽ കോടതിക്കു് അധികാരം വച്ചിട്ടുണ്ടു്. എന്നിരുന്നാലും ഇങ്ങനെയുള്ള കാര്യങ്ങളിൽ ഗവൺമെണ്ടിനു് അധികാരം കൊടുത്തിരിക്കുന്നതു് ശരിയല്ല. പിന്നെ ഏഴാംവകുപ്പിൽ ശിക്ഷയെപ്പറ്റി പറയുന്നതാണു്. എല്ലാ ഹിന്ദുക്കൾക്കും എല്ലാ ക്ഷേത്രങ്ങളിലും പ്രവേശിക്കാൻ അധികാരം ഉണ്ടെന്നുവന്നാൽ ആ പ്രവേശനത്തെ നിരോധിക്കുന്നതു് ഒരു Wrongful restraint ആയി വീക്ഷിക്കേണ്ടതാണു്. അതിനനുസരണമായ ഒരു ശിക്ഷതന്നെ കൊടുക്കണമെന്നാണു് എന്റെ അഭിപ്രായം. ഇതിൽ ആദ്യമായി ഒരാൾ മറ്റൊരാളുടെ ക്ഷേത്രപ്രവേശനത്തിനു് തടസ്സപ്പെടുത്തിയാൽ ഒരു ൧൦ രൂപായിൽ കുറയാതെയുള്ള പിഴ ശിക്ഷയെ പാടുള്ളൂ എന്നു പറഞ്ഞിട്ടുണ്ടു്. അതിനു് തക്കതായ ന്യായം ഞാൻ കാണുന്നില്ല. കുറഞ്ഞതിന്റെ ശരിയായ രൂപം നാം മനസ്സിലാക്കുകയാണെങ്കിൽ ഈ ശിക്ഷ പോരാ എന്നുള്ളതാണു് എന്റെ അഭിപ്രായം. ഇങ്ങനെ ഒരു തടസ്സം വരുത്താമെന്നു് ആരുംതന്നെ വിചാരിക്കുകയോ ചെയ്യുകയോ ചെയ്യരുതെന്നാണു് എന്റെ ആശയം. അതുകൊണ്ടു ആ ശിക്ഷ വർദ്ധിപ്പിക്കേണ്ടതാണു്.

വേറൊന്നു പറയാനുള്ളതു് ഇതനുസരിച്ചുണ്ടാക്കുന്ന റൂളുകളും റഗുലേഷനും ഏതെങ്കിലും ലംഘിക്കുന്നതായാൽ അതിനു് ആദ്യമായിട്ടു മൂന്നുമാസത്തെ തടവു കൊടുക്കാമെന്നു പറയുന്നു. ഇതു രണ്ടുംകൂടി യോജിക്കുന്നില്ല. ഈ നിയമം അ

LIBRARY ARCHIVES Kerala Legislative Assembly

നുസരിച്ച് ചില റൂളുകളും റഗുലേഷനും ഉണ്ടാകും. അതിലേതെങ്കിലും ഒന്നു ലംഘിക്കുന്നവർക്ക് മൂന്നു മാസം ശിക്ഷ കൊടുക്കുമെന്നും ക്ഷേത്രപ്രവേശനത്തിനു തടസ്സപ്പെടുത്തുന്ന ആൾക്ക് ന്യൂ രൂപയിൽ കവിയാത്ത ശിക്ഷയെ പാടുള്ളൂ എന്നും പറയുന്നതു തമ്മിൽ പൊരുത്തമില്ലെന്നാണ് ഞാൻ പറയുന്നതു്.

മറ്റൊരു സംഗതി റൂൾ ഉണ്ടാക്കാനുള്ള അവകാശം ഈ സഭയ്ക്കു ഇല്ലാതെ വേറൊരു സംഘടനയ്ക്കു കൊടുത്തിട്ട് ആ സംഘടന ഉണ്ടാക്കുന്ന റൂൾ ലംഘിച്ചാൽ പിഴയും തടവും ആകാമെന്നു പറയുന്ന വ്യവസ്ഥയെപ്പറ്റി ഈ സഭ ചിന്തിക്കണമെന്നാണ്. എന്റെ അഭിപ്രായത്തിൽ ഒരാൾക്ക് പിഴ കൊടുക്കുകയോ തടവുശിക്ഷ കൊടുക്കുകയൊ ചെയ്യണമെന്നുണ്ടെങ്കിൽ ആ നിയമം ഉണ്ടാക്കുവാനുള്ള അധികാരം ഏതെങ്കിലും സമിതിക്ക് നൽകുക എന്നുള്ളതു് നിയമനിർമ്മാണതത്വമനുസരിച്ച് ശരിയാണെന്നു തോന്നുന്നില്ല. ദേവസ്വം ബോർഡ് ആണ് റൂൾ ഉണ്ടാക്കുന്നതു്. ആ റൂൾ ലംഘിച്ചാൽ മൂന്നു മാസം തടവുശിക്ഷ ആകാമെന്നാണ് വ്യവസ്ഥ. ഇതിൽ വൈഷമ്യം ഉണ്ടോ എന്നുള്ളതല്ല ചോദ്യം. നിയമമുണ്ടാക്കാനുള്ള അധികാരം ഒരു സംഘടനയ്ക്കു കൊടുത്തിട്ട് ആ സംഘടന ഉണ്ടാക്കുന്ന റൂൾ ലംഘിച്ചാൽ കോടതി ശിക്ഷിക്കണമെന്നു വയ്ക്കുന്നതു് നിയമനിർമ്മാണതത്വങ്ങൾക്ക് വിപരീതമാണെന്നാണ് എനിക്കു പറയാനുള്ളതു്. അതു വരുമ്പോൾ അങ്ങിനെ പിഴക്കും തടവിനും വിധേയമാക്കാവുന്നതായ വ്യവസ്ഥ ഇന്നതാണെന്നു് ഇതിൽതന്നെ വ്യക്തമാക്കുകയാണ് നല്ലതു് എന്നാണെന്റെ അഭിപ്രായം.

പിന്നീട് പത്താമതൊരു ക്ലാസുണ്ടു്. അതിൽ പറയുന്നതു് ഇതിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു് എന്തെങ്കിലും വൈഷമ്യം നേരിടുന്നതായാൽ ഗവൺമെൻറിനു് ആ വൈഷമ്യമോ തടസ്സമോ നീക്കുന്നതിനു് എന്തും ചെയ്യാം എന്നാണ്. ഏതെങ്കിലും ഒരു ബോർഡു്, അതായതു്, ദേവസ്വം ബോർഡുതന്നെ ഇതിലേക്ക് ആവശ്യമായ നിയമനിർമ്മാണം ചെയ്തതിനു ശേഷം വീണ്ടും അവ ഗവൺമെൻറിനു വിട്ടുകൊടുക്കുന്നതു് ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. അതുകൊണ്ടും ഈ ബില്ലു് ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയെ അർഹിക്കുന്ന ഒരു ബില്ലാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഇവിടെ ഏതെല്ലാമോ ബില്ലുകൾ അവതരിപ്പിച്ചു; അവയിൽ ചിലതെല്ലാം അടുത്തദിവസം തന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനകഴിഞ്ഞു റിപ്പോർട്ട ചെയ്യണമെന്നും സ്റ്റാൻറിംഗ് ഓർഡറുകൾ സസ്പെൻറ ചെയ്തു തന്നെ അവ പാസ്സാക്കണമെന്നും പറയുകയുണ്ടായി. അതുപോലെ ഇതും ആവശ്യമാണന്നു തോന്നുന്നപക്ഷം സെലക്ട് കമ്മിറ്റിക്കു് അയച്ചു് ഉടനെ റിപ്പോർട്ട വരുത്തി പാസാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. പക്ഷെ ഇതു സംബന്ധിച്ചു് ഈയിടെ ഒരു ഓർഡിനൻസും പ്രഖ്യാപിച്ചിട്ടുള്ളതുകൊണ്ടു് ഇതിനു കുറച്ചു സമയം എടുക്കുന്നതുകൊണ്ടും തരക്കേടുള്ളതല്ല. പക്ഷെ ആറാഴ്ചവരെ സഭ ഉണ്ടായിരിക്കുന്നതല്ല. ഏതായാലും ഈ ബില്ലു് സെലക്ട് കമ്മിറ്റിക്കയച്ചു് അവരുടെ പരിഗണനക്കുശേഷം കുറച്ചുകൂടി വ്യക്തമായ വ്യവസ്ഥകളോടുകൂടി ഇതു് നിയമമാക്കണമെന്നും അതുകൊണ്ടു് ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിക്കയക്കണമെന്നുമുള്ള ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. എന്നാൽ ശ്രീ. പട്ടം താണുപിള്ള അവർകൾ പ്രസ്താവിച്ച എല്ലാ വാദമുഖങ്ങളോടും ഞാൻ യോജിക്കുന്നില്ല. ഈ ബില്ലു് ഒരു സെലക്ട് കമ്മിറ്റിക്കു് അയക്കണമെന്നു് ഞാൻ പറയാനുള്ള കാരണം ഈ ബില്ലിലെ

LIBRARY ARCHIVES Kerala Legislative Assembly

[Sri Kalathil Velayudhan Nair]

ചില ഭാഗങ്ങളുടെ ഡ്രാഫ്റ്റിംഗിനെ സംബന്ധിച്ചിടത്തോളം ഒരു പുനഃപരിശോധന നടത്തണമെന്നെനിക്കഭിപ്രായമുള്ളതുകൊണ്ടാണ്. ഇതിലെ രണ്ടാം വകുപ്പിൽ ടെമ്പിൾ എന്നുള്ളതിനു് ഒരു ഡഫനിഷൻ കൊടുത്തിട്ടുണ്ടു്.

"Temple" means a place, by whatever name known, which is dedicated to, or for the benefit of, or used as of right by the Hindu community or any section thereof, as a place of public religious worship; and includes subsidiary shrines as well as tanks and mantapams appurtenant or attached to such place"

ഈ വ്യാഖ്യാനത്തിനകത്തു് ഏതെങ്കിലും ഒരു വീട്ടിൽ ഒരു പൂജാമുറി ഉണ്ടെന്നു വിചാരിക്കുക. ആ പൂജാമുറി അവിടെയുള്ള ആളുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു എന്നും വിചാരിക്കുക. അവിടെ അഹിന്ദുക്കൾ പ്രവേശിക്കാമോ എന്നു് സംശയമായി ഒന്നു ചിന്തിക്കേണ്ടതാണെന്നാണു് എനിക്കുള്ള അഭിപ്രായം. എന്താണെന്നുവച്ചാൽ ഈ 'പ്ലേസു് ഓഫ് പബ്ലിക്ക് വർഷിപ്പ്' എന്നുള്ളതിന്റെ വ്യാഖ്യാനത്തിൽ ഏതെങ്കിലും ഹിന്ദുസമുദായത്തിൽ ഒരു വിഭാഗം പരസ്യമായി ആരാധന നടത്തുന്ന ഒരു സ്ഥലം എന്നുള്ളതിൽ ഇതുംകൂടി ഉൾപ്പെടുമോ എന്നുള്ളതാണു്. അല്പം ക്ലിഷ്ടമായി വ്യാഖ്യാനിക്കുന്നതിനു് ഇതിനിടകൊടുത്തേക്കും എന്നുള്ള സംഗതി ആലോചിക്കേണ്ടതാണെന്നാണു് എനിക്കു പറയുവാനുള്ളതു്. മുൻപു് തിരുവിതാംകൂറിലുള്ള നിയമത്തിനകത്തു് അതുമാതിരി വരാതിരിക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടായിരുന്നു. അതുകൊണ്ടു് ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിക്കയച്ചു് പുനഃപരിശോധനചെയ്തു് ഈ സഭയിൽ പാസാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

അടുത്തതായി പത്താംവകുപ്പിൽ പറയുന്നതു്.

"If any difficulty arises in giving effect to the provisions of this Act, the Government, as occasion requires, may, by order, do anything which appears to them necessary for the purpose of removing the difficulty" എന്നാണു്.

അതായതു് ഇതിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു തടസ്സപ്പെടുത്തുന്നതുവരെ ഗവൺമെന്റിനു് എന്തും ചെയ്യാം എന്നുവക്കുന്നതു് ഒരു കാരണവശാലും ന്യായീകരിക്കത്തക്കതല്ല. ഈ നിയമം നടപ്പിലാക്കുന്നതിനു് ഏതെങ്കിലും തടങ്ങളോ തടസ്സങ്ങളോ ഉണ്ടാകുന്നപക്ഷം ഗവൺമെന്റിനു് എന്തും ചെയ്യാം എന്നു് ഒരു വ്യവസ്ഥ ഇതിൽ വച്ചിരിക്കുന്നു. ഒരു ക്ഷേത്രത്തെ സംബന്ധിച്ചു് എതെങ്കിലും ഒരു തർക്കം ഉണ്ടായി എന്നു വയ്ക്കുക, അപ്പോൾ ആ തർക്കം തീർക്കുന്നതിനായി അതു് അങ്ങു് പൊളിച്ചുകളഞ്ഞേക്കാം. അങ്ങനെയാണെങ്കിൽ ഈ തർക്കം ഉണ്ടാകുകയില്ലല്ലോ എന്നു് പറയുന്നതിനുകൂടി ഈ ഗവൺമെന്റിനു സാധിക്കുന്നതാണു്. അതിനുള്ള അധികാരംകൂടി ഈ നിയമത്തിനകത്തുണ്ടു്. അങ്ങിനെ ഒരധികാരം ഈ നിയമത്തിൽ വക്കുന്നതു് ശരിയായിരിക്കുകയില്ല. അതുകൊണ്ടു് ഈ പത്താംവകുപ്പു് ഭേദഗതി ചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

ദേവസ്വം ബോർഡു് ഇതിലേക്കു് ആവശ്യമായ രൂളുകൾ ഉണ്ടാക്കുന്നതു് ശരിയായിരിക്കുകയില്ല എന്നു ശ്രീ. പട്ടം താണുപിള്ള അവർകൾ പറഞ്ഞ അഭിപ്രായത്തോടു് ഞാൻ വിയോജിച്ചുകൊള്ളുന്നു. ഈ സഭയാണു് ഇതിലേക്കാവശ്യമായ രൂളുകൾ ഉണ്ടാക്കേണ്ടതെന്നുള്ളതിനെ ഞാൻ എതിർക്കുന്നില്ല. എന്നാൽ ഈ ദേവസ്വം ബോർഡിനെ തെരഞ്ഞെടുത്തിട്ടുള്ളതു് എങ്ങിനെ എന്നു് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഒരംഗത്തെ ഈ നിയമസഭയിലെ അംഗങ്ങളും ഒരംഗത്തെ ഇവിടത്തെ കാബിനറ്റും മറ്റൊരംഗത്തെ രാജപ്രമുഖൻ

LIBRARY ARCHIVES Kerala Legislative Assembly

തിരുമനസ്സുകൊണ്ടുമാണു്. അപ്പോൾ ഇതൊരു സംഘടന എന്നു പറയുന്നതു അത്ര ശരിയല്ല. ദേവസ്വം ബോർഡും ഇന്നത്തെ കാബിനറ്റു പോലെതന്നെ ഒരു സഭയാണു്. അപ്പോൾ അതും നിയമങ്ങളുടെ രൂപവൽക്കരണത്തിനു് അവകാശമുള്ള ഒരു ബോർഡാണു്, അതുകൊണ്ടു് ദേവസ്വം ബോർഡിനും ചില ആവശ്യമായ നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം കൊടുക്കുന്നതിൽ തെറ്റൊന്നുമില്ല. പ്രായോഗികമായിട്ടു് നിയമങ്ങൾ ഈ സഭയിൽ പാസാക്കിയിട്ടാണു് ഗവണ്മെൻറിനു് അധികാരം കൊടുക്കാവുള്ളതു്. അപ്പോൾ ഇതിലേക്കാവശ്യമായ രൂളുകൾ ഉണ്ടാക്കുന്നതിനു് ദേവസ്വം ബോർഡിനെ അധികാരപ്പെടുത്തുന്നതു ശരിയായിരിക്കുമോ എന്നുള്ളതുകൊണ്ടാണു് ഇപ്രകാരം പറഞ്ഞതെന്നദ്ദേഹം പറയുന്നു. എന്നാൽ അതിനു പകരം എന്താണു ചെയ്യേണ്ടതെന്നു അദ്ദേഹം വ്യക്തമായി പറഞ്ഞുമില്ല. രണ്ടായാലും ദേവസ്വംബോർഡിനു് രൂൾ ഉണ്ടാക്കുന്നതിനു് അധികാരം കൊടുക്കുന്നതുകൊണ്ടു ദോഷമില്ലെന്നാണു് എനിക്കു പറയാനുള്ളതു്.

൯-ാം വകുപ്പിൽ

"All rules made under this section shall be published in the Gazette" എന്നു പറയുന്നു.

ഈ നിയമമനുസരിച്ചുണ്ടാക്കുന്ന രൂളുകൾ ഗസറ്റിൽ പരസ്യം ചെയ്യണമെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ഗസറ്റിൽ പരസ്യം ചെയ്യുന്നതിനു പരസ്യക്കൂലി ചോദിക്കുന്നു. സർ മറ്റു പല കാര്യങ്ങളും പരസ്യം ചെയ്യുന്നതിനു കൂലി ചോദിക്കാതെ ദേവസ്വം കാര്യങ്ങൾ പരസ്യം ചെയ്യുന്നതിനു പരസ്യക്കൂലി ആവശ്യപ്പെടുന്നതുകൊണ്ടു മേലാൽ ഈവക പരസ്യങ്ങൾ മറ്റുവല്ല പത്രങ്ങളിലും പരസ്യം ചെയ്യാലും മതി എന്നു വയ്ക്കുന്നതും നല്ലതാണു്. ഗസറ്റിൽ പരസ്യം ചെയ്യണമെന്നു പറയുന്നതു് അതിൽ ഗവണ്മെൻറു് മുഴ ഉള്ളതുകൊണ്ടായിരിക്കും. എന്നാൽ അവർ പരസ്യക്കൂലി ആവശ്യപ്പെടുന്നതുകൊണ്ടു് ഇപ്പോൾ ഈ സംഗതികൂടി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണു്. ഇതിനു് പരസ്യക്കൂലി ആവശ്യപ്പെടുന്നതിനെ ഞാൻ എതിർക്കുന്നു. രണ്ടായാലും ഇതു സെലക്ടു് കമ്മിറ്റിക്കയച്ചു് അവരുടെ റിപ്പോർട്ടു വരുത്തി തീരുമാനിക്കുന്നതു നല്ലതാണെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. കെ. അയ്യപ്പൻ: ഈ ബില്ലു് സെലക്ടു് കമ്മറ്റിക്കയക്കണമെന്നുള്ള മി. പട്ടം താണുപിള്ളയുടെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. അദ്ദേഹം പറയുന്ന എല്ലാ അഭിപ്രായങ്ങളോടും യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. എങ്കിലും ആക്ടു് ലംഘിക്കുന്നതിനുള്ള ശിക്ഷയെക്കാൾ കവിഞ്ഞ ശിക്ഷ, ആക്ടുപ്രകാരം ഉണ്ടാകുന്ന ചട്ടം ലംഘിക്കുന്നതിനു വച്ചിരിക്കുന്നതു ഭംഗിയല്ലെന്നു അദ്ദേഹം പറയുന്നതു ശരിയാണു്.

മി. കളത്തിൽ വെലായുധൻനായർ ഈ ബില്ലിലെ ഒരു വകുപ്പിനെ സംബന്ധിച്ചുണ്ടാകാവുന്ന ഒരു വ്യാഖ്യാനത്തെക്കുറിച്ചു പറഞ്ഞു. അതിനെപ്പറ്റി പറയാനാണു ഞാനെണീറ്റതു്. അദ്ദേഹം പറഞ്ഞു, വീട്ടിലുള്ള ക്ഷേത്രങ്ങളിൽ എല്ലാവർക്കും പ്രവേശനം അനുവദിക്കുകയാണെങ്കിൽ അതു കഴപ്പത്തിനിടയാകുമെന്നു്. അങ്ങിനെയുള്ള കഴപ്പങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ആവശ്യമായ വ്യവസ്ഥകൾ ചേർത്തിട്ടുണ്ടു്. ഹിന്ദുസമുദായത്തിലെ ഏതെങ്കിലും വിഭാഗത്തിനു വച്ചിട്ടുള്ള ആ മാതിരി ക്ഷേത്രങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം വേണമെന്ന മാത്രമെ ഈ ബില്ലുകൊണ്ടുദ്ദേശിക്കപ്പെട്ടുള്ളു. ഏതെങ്കിലും വിഭാഗത്തിനു പ്രവേശനം ഉണ്ടെങ്കിൽ മറ്റുള്ളവർക്കും പ്രവേശനം കൊടുക്കാതിരിക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങിനെ പറഞ്ഞില്ല.

ശ്രീ. കെ. അയ്യപ്പൻ: ഒരു വീട്ടിലെ ക്ഷേത്രമായാൽതന്നെ മേൽപ്രകാരമുള്ളതാണെങ്കിൽ ഏതെങ്കിലും ഒരു വിഭാഗത്തിനു പ്രവേശനം അനുവദിക്കാതിരിക്കുന്ന കാര്യം കാണിക്കുവാനുള്ള അവകാശം ഒരു വ്യക്തിക്കും കൊടുക്കാൻ പാടില്ല എന്നാണു് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. താണുപിള്ള അവർകൾ പറയുകയുണ്ടായി ആദ്യമെ ഒരു പിഴശിക്ഷ, പിന്നെ തടവുശിക്ഷ എന്നു വച്ചിരിക്കുന്നതു ശരിയല്ലെന്നു്. ശിക്ഷയുടെ കാഠിന്യം കൂട്ടണമെന്നല്ല നവീന നിയമശാസ്ത്രസിദ്ധാന്തം. ആദ്യം ചെറിയ ശിക്ഷ കൊടുത്തു, ഫലിച്ചില്ലെങ്കിൽ പിന്നെ കൂടുതൽ ശിക്ഷ കൊടുക്കുക എന്നതാണു നല്ല നയം. പ്രായോഗികമായി നോക്കിയാലും ഈ കാര്യത്തിൽ പരിഷ്കാരത്തിനു മുതിരും ഏതിരാകാതിരിക്കാൻ ഒരു തടവയ്ക്കേണ്ട ആവശ്യമേയുള്ളൂ.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഈ ബിൽ സെലക്ട് കമ്മറ്റിക്കയക്കണമെന്ന അഭിപ്രായത്തെ അനുകൂലിക്കുവാനാണു് ഞാൻ ഇവിടെ എഴുന്നേറ്റു നിൽക്കുന്നതു്. ശ്രീ. പട്ടം താണുപിള്ള അതിനു പറഞ്ഞിട്ടുള്ളതായ കാരണങ്ങൾ എല്ലാവരും കേട്ടിട്ടുണ്ടു്. ആ അഭിപ്രായങ്ങൾ സ്വീകാര്യമാണെന്നാണു് എന്റെയും അഭിപ്രായം. അതുകൂടാതെ, ഈ ബില്ലിന്റെ ആശയഗതി ശരിയായി നടപ്പിലാക്കുന്നതിനും ഈ ബിൽ ഒന്നുകൂടി ഫലപ്രദമാക്കുന്നതിനും ഒരു സെലക്ട് കമ്മിറ്റിയുടെ ആലോചനകൂടി ആവശ്യമാണെന്നും ഞാൻ കരുതുന്നുണ്ടു്. ഈ ബില്ലിൽ വന്നുപോയിട്ടുള്ള ചില പിശകുകൾ പരിഹരിക്കേണ്ടതാണു്. ഈ സെലക്ട് കമ്മിറ്റിയുടെ വാദപ്രതിവാദത്തിൽ പങ്കെടുക്കുന്നതിനു ദേവസ്വം ബോർഡിലെ ഒരു പ്രതിനിധിയെക്കൂടി ക്ഷണിക്കണമെന്നും അങ്ങിനെ ചെയ്യാൽ പിന്നീടു വരാവുന്ന ചില പരാതികൾ ഒഴിവാക്കാവുന്നതാണെന്നും എനിക്കഭിപ്രായമുണ്ടു്. ഈ ബിൽ സെലക്ട് കമ്മിറ്റിക്കയക്കണമെന്ന ഭേദഗതിയോടു ഞാൻ അനുകൂലിക്കുന്നു.

The House rose for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker in the Chair.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ബില്ലു് സെലക്ട് കമ്മിറ്റിക്കു് അയക്കരുതെന്നു് എനിക്കു് യാതൊരു നിർബന്ധവുമില്ല. പക്ഷെ ഇതെല്ലായും വേഗത്തിൽ നിയമമാക്കി തീർക്കേണ്ടതു അത്യാവശ്യമായിരിക്കുന്നതുകൊണ്ടാണു സെലക്ട് കമ്മിറ്റിക്കു അയക്കണമെന്നില്ലെന്നു ഞാൻ അഭിപ്രായപ്പെട്ടതു്. എന്നാൽ ഇതു സെലക്ട് കമ്മിറ്റിക്കു് അയക്കേണ്ടതു അത്യാവശ്യമാണെന്നു ബഹുമാനപ്പെട്ട അംഗങ്ങളിൽ ചിലർ അഭിപ്രായപ്പെട്ടതുകൊണ്ടു് താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സെലക്ട് കമ്മിറ്റിക്കു് ഈ ബിൽ അയക്കണമെന്നും സെലക്ട് കമ്മിറ്റി മൂന്നുദിവസത്തിനകംതന്നെ ഇതിന്റെ റിപ്പോർട്ടു സമർപ്പിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

സെലക്ട് കമ്മിറ്റി അംഗങ്ങൾ

൧.	ശ്രീമാൻ	എ. അച്യുതൻ
൨.	,,	കളത്തിൽ വേലായുധൻനായർ
൩.	,,	ടി. ടി. കേശവൻ ശാസ്ത്രി
൪.	,,	പി. കെ. ഡീവർ
൫.	,,	പി. ബാലകൃഷ്ണൻതമ്പി
൬.	,,	കെ. അയ്യപ്പൻ
൭.	,,	കെ. ശിവരാമപിള്ള

LIBRARY ARCHIVES Kerala Legislative Assembly

വ്യ. ശ്രീ. കെ. കെ. പെല്ലപ്പൻപിള്ള

ഇതിന്റെ കോറം നാലായിരിക്കുന്നതാണു്.

Th. question that the Travancore Temple Entry (Removal of Disabilities) Bill be referred to the Select Committee as proposed as put and carried. The Bill was referred to the Select Committee.

The Travancore-Cochin Medical Practitioners Act (Amendment) Bill

Minister for Finance and Revenue (**Sri. A. J. John**): I move that the Travancore-Medical Practitioners Act (Amendment) Bill be taken up for consideration.

Chief Minister (**Sri. T. K. Narayana Pillai**): I second it.

ശ്രീ. എ. ജെ. ജോൺ: മെഡിക്കൽ പ്രാക്ടിഷ്ണേഴ്സ് ആക്ട് അമൻറ് മെൻറ് ആർഡിനൻസ് എന്ന പേരിൽ ഒരു ആർഡിനൻസ് ഈ മാസം ന-ാം തിയതി പുറപ്പെടുവിക്കയുണ്ടായി. ആ ആർഡിനൻസിലെ വ്യവസ്ഥകളെ ഭേദഗതമാക്കിയാണു് ഇപ്പോഴത്തെ ഈ ബിൽ രൂപീകരിച്ചിട്ടുള്ളതു്. ഇന്നു നിലവിലിരിക്കുന്ന ആക്ടിൽ വിവിധ രീതികളിലുള്ള വൈദ്യസ്ഥാപനങ്ങളുടെ പ്രതിനിധികളെ ചേർത്തു് ഒരു കൌൺസിൽ ഉണ്ടാക്കിയിരിക്കണമെന്നു വ്യവസ്ഥയുണ്ടു്. എന്നാൽ ആ ആക്ടു് തിരുവിതാംകൂറിൽ മാത്രമെ ഉദ്ഭവിതത്തിലുള്ളു. കൊച്ചിയിൽ ഇതിനനുസരണമായ യാതൊരു ആക്ടും നിലവിലില്ല. അതുകൊണ്ടു തിരുവിതാംകൂറിനും കൊച്ചിക്കും മദ്ധ്യപാലെ ബാധകമായ ഒരു പുതിയ ആക്ടു് നടപ്പിൽ വരുത്തണമെന്നു് ഉദ്ദേശിക്കുന്നുണ്ടു്. രണ്ടാമതു് ഇപ്പോഴത്തെ ആക്ടിൽ ഒരു കൌൺസിൽമാത്രം ഉണ്ടാക്കണമെന്നാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. എന്നാൽ അലോപ്പതിക്കു മാത്രമായി ഒരു കൌൺസിലും മറ്റുള്ള എല്ലാ വൈദ്യസമ്പ്രദായങ്ങൾക്കുമായി മറെറാരു കൌൺസിലും ഉണ്ടാക്കണമെന്നു ഗവൺമെണ്ടിനു് ധാരാളം നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. അതേപ്പറ്റി ഗവൺമെണ്ടു് അവസാനമായ തീരുമാനം ഒന്നും ചെയ്തിട്ടില്ല. അതേപ്പറ്റി എല്ലാം ആലോചിച്ചു് വേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊള്ളിച്ചു് ഒരു പുതിയ ബിൽ എഴുതി ഉണ്ടാക്കി താമസിയാതെതന്നെ ഈ നിയമസഭയിൽ അവതരിപ്പിക്കണം എന്നാണു് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്. അങ്ങിനെ ഒരു പുതിയ ബിൽ എഴുതി ഉണ്ടാക്കി നിയമമാക്കുന്നതിനു് കുറച്ചു കാലതാമസം വേണ്ടിവരും. ഇപ്പോഴത്തെ ആക്ടു് അനുസരിച്ചു് ഫ൯ ൪ ഒക്ടോബറിൽ രൂപീകരിച്ചിട്ടുള്ളതായ രണ്ടാമത്തെ കൌൺസിലിന്റെ കാലാവധി ഈ ഒക്ടോബർ ഫ൪-ാംന-യാകുമ്പോൾ അവസാനിക്കുന്നതാണു്. അങ്ങിനെയായാൽ അപ്പോൾ വീണ്ടും ഒരു പുതിയ തെരഞ്ഞെടുപ്പു നടത്തി മൂന്നാമതു ഒരു കൌൺസിൽ രൂപീകരിക്കേണ്ടതായിവരും. അതുകഴിഞ്ഞു പുതിയ ബിൽ പാസാക്കുമ്പോൾ പിന്നെയും പുതിയ ഒരു കൌൺസിൽ രൂപീകരിക്കേണ്ടിവരും. ആ വിഷമം ഒഴിവാക്കാൻവേണ്ടിയാണു് ഇപ്പോൾ നിലവിലിരിക്കുന്ന കൌൺസിലിന്റെ കാലാവധി ൩ മാസത്തേക്കുകൂടി നീട്ടണമെന്നും ആവശ്യപ്പെട്ടാൽ വീണ്ടും ഒന്നുകൂടി നീട്ടണമെന്നും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. വേറൊരു കുഴപ്പവുംകൂടി വന്നിട്ടുണ്ടു്. അതായതു് ഇപ്പോഴത്തെ ആക്ടിലെ മൂന്നാം വകുപ്പനുസരിച്ചു് കൌൺസിലിൽ ൧൭ അംഗങ്ങൾ ഉണ്ടായിരിക്കണമെന്നു് വ്യവസ്ഥയുണ്ടു്. എല്ലാ വൈദ്യവിഭാഗങ്ങളിലേയും പ്രതിനിധികൾ അതിൽ ഉണ്ടായിരിക്കണമെന്നാണു് വ്യവസ്ഥ. അതനുസരിച്ചു് ആദ്യം രൂപീകരിച്ച കൌൺസിലിൽ എല്ലാ സമ്പ്രദായങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ടു് ൧൭ അംഗങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഫ൯ ൪ ഒക്ടോബറിൽ രൂപീകരിച്ച കൌൺസിലിൽ യൂനാനി സമ്പ്രദായത്തെ പ്രതിനിധീകരിക്കുന്നതിനു് ആരും ഉണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly